പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2866

20.03.2015 – ൽ മറുപടിയ്ക്ക്

കയർ തൊഴിലാളികൾക്ക് പെൻഷൻ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ തൊഴിലാളികൾക്ക് പെൻഷൻ യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടു ണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) പെൻഷൻ വിതരണം ചെയ്തതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ട 4 യൂണീറ്റ് ഓഫീസറന്മാർക്കെതിരെ നടപടി എടുത്തിട്ടുള്ളതായി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. മറ്റു തരത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. |
| ബി) കുടിശ്ശികയിനത്തിൽ വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്കായി എത്ര രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) വൈപ്പിൻ മണ്ഡലത്തിലെ 440 പേർക്കായി 9/2014 മുതൽ 3/2015 വരെ 18,48,000/- രൂപ നൽ കാനുണ്ട്. |
| സി) പെൻഷൻ കുടിശ്ശിക എന്നത്തേക്ക് വിതരണം ചെയ്യാൻ ആകുമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും വ്യക്തമാക്കാമോ; | സി) പെൻഷൻ കുടിശ്ശിക നൽകുന്നതിന് തുക അധികമായി അനുവദിക്കുന്നത് സംബന്ധിച്ച നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ